**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 176** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മാലിന്യ സംസ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സി. അജയപ്രസാദ്

ശ്രീ. കെ. രാജൻ

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ഗീതാ ഗോപി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ജനകീയ ഇടപെടലിലൂടെ വൻ വികസന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ മാലിന്യ നിർമാർജന രംഗത്ത് ലോകത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ മാലിന്യ സംസ്കരണം ലോകോത്തര മാതൃകയിൽ പരിഷ്കരിക്കുന്നതിനുള്ള പദ്ധതികൾ പരിശോധനയിലാണ്

**(ബി)** മാലിന്യ നിർമാർജ്ജന രംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കാൻ മുൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ, ബന്ധപ്പെട്ട തദ്ദേ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭൗതിക സഹായം ആവശ്യമുള്ള പക്ഷം, പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്ക് സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി 11.07.2025 ൽ സ.ഉ(സാധാ) 1715/2025/LSGD നം. പ്രകാര മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(സി)** വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന അജൈവ പാഴ്വസ്തുക്കൾ നേരിട്ട് കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുടെ ഇക്കോ ബാങ്ക് എന്ന പുതിയ സംരംഭത്തിന് മുൻ സർക്കാരിന്റെ കാലത്ത് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട് . വീടുകളിലും സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന അജൈവ പാഴ്വസ്തുക്കൾ നേരിട്ട് ശാസ്ത്രീയ സംസ്കരണ ശൃംഖലയിലേക്ക് എത്തിക്കുന്നതിനും, പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ മാലിന്യങ്ങൾ കൈമാറുന്നതിനും ലക്ഷ്യമിട്ട് ക്ലീൻ കേരള കമ്പനി "ഇക്കോ ബാങ്ക്" എന്ന നൂതന സംരംഭത്തിന് മുൻ സർക്കാരിൻ്റെ കാലത്ത് തുടക്കം കുറിച്ചിട്ടുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന അജൈവ പാഴ്വസ്തുക്കൾ പൊതുജനങ്ങൾക്ക് നേരിട്ട് കൈമാറാൻ കഴിയുന്ന സംവിധാനമായാണ് ഇക്കോ ബാങ്ക് വിഭാവനം ചെയ്തിരിക്കുന്നത്.

**(ഡി)** ശാസ്ത്രീയ ദ്രവ മാലിന്യ പരിപാലന സംവിധാനങ്ങൾ ഒരുക്കി മുഴുവൻ ജലാശയങ്ങളെയും മാലിന്യമുക്തമായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം പുതിയ പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട് . ശാസ്ത്രീയ ദ്രവമാലിന്യ സംസ്കരണത്തിനായി എസ്.ടി.പി , എഫ്.എസ്.ടി.പി പദ്ധതികൾ, കമ്മ്യൂണിറ്റി തല എസ്.ടി.പി.കൾ, മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകൾ, (മൊബൈൽ FSTP കൾ) അണ്ടർഗ്രൗണ്ട് എസ്.ടി.പി.കൾ എന്നിവ സജ്ജമാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**